പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2148 07.12.2015-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി-യുടെ ആസ്തി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.എസ്. സലീഖ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നിലവിൽ കെ.എസ്.ആർ.ടി.സി-യ്ക്ക് വസ്തുവകകൾ, കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള മൊത്തം ആസ്തി എത്രയെന്നും മൊത്തം കടം എത്ര യെന്നും വ്യക്തമാക്കുമോ; | (എ) | M/s Varma & Varma, Chartered Accountants എന്ന സ്ഥാപനം സമർപ്പിച്ച കെ.എസ്.ആർ.ടി.സി.യുടെ ആസ്തിമൂല്യ നിർണ്ണയ റിപ്പോർട്ട് പ്രകാരമുള്ള ആകെ ആസ്തിമൂല്യം 3674.13 കോടി രൂപയാണ്. 31.10.2015-ലെ കണക്ക് പ്രകാരം കെ.എസ്.ആർ.ടി.സി.ക്ക് വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്നു മെടുത്ത വായ്പയുടെ തിരിച്ചടവിനത്തിലുള്ള ആകെ ബാദ്ധ്യത 1953.76 കോടി രൂപയാണ്. ഇതിന് പുറമെ സർക്കാർ കെ.എസ്.ആർ.ടി സി.യ്ക്ക് വായ്പയായി തുക അനുവദിച്ചിട്ടു ണ്ട്. 31.10.2015-ലെ കണക്ക് പ്രകാരം 1471.56 കോടി രൂപ സർക്കാരിന് കെ.എസ്. ആർ.ടി.സി വായ്പാ തിരിച്ചടവിനത്തിൽ നൽ കാനുണ്ട്. ടി തുകയിൽ 2013-14 വരെ കെ.എസ്.ആർ.ടി.സി.യ്ക്ക് അനുവദിച്ച് നൽ കിയ 1090.75 കോടി രൂപയുടെ വായ്പ സർക്കാരിന്റെ കെ.എസ്.ആർ.ടി.സി.യിലുള്ള മൂലധനമാക്കി മാറ്റുന്നതിന് തത്വത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം ശേഷിക്കുന്ന സർക്കാരിൽ നിന്നുള്ള വായ്പാ ബാധ്യത 380.81 കോടി രൂപയാണ്. |
| (ബി) | ഈ സർക്കാർ വന്നതിനുശേഷം നാളിതുവരെ ഏതൊക്കെ സ്ഥാപന | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷമെടുത്ത വായ്പയെ സംബന്ധിച്ച ഇനം |

<table>
<tr>
<td></td>
<td>ങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുണ്ടെന്നും ഇതിനായി മുതലും പലിശയുമായി എത്ര തുക പ്രതിമാസം നൽകിവരുന്നുണ്ടെന്നും തരം തിരിച്ച് വ്യക്തമാക്കുമോ;</td>
<td></td>
<td>തിരിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>സ്ഥാപനം</th><th>തുക (കോടിയിൽ)</th></tr>
<tr><td>HUDCO</td><td>223.00</td></tr>
<tr><td>KTDFC</td><td>2,324.50 (ഹ്രസ്വകാല ദീർഘ കാല വായ്പകൾ ഉൾപ്പെടെ)</td></tr>
<tr><td>KST.133</td><td>10.00</td></tr>
<tr><td>DCB PLKD</td><td>200.00</td></tr>
<tr><td>DCB EKM</td><td>91.00</td></tr>
<tr><td>KSPIFC</td><td>15.00</td></tr>
<tr><td>Total</td><td>2,863.50</td></tr>
</table>
വായ്പാ തിരിച്ചടവിനത്തിൽ (മുതലും പലിശയുമുൾപ്പെടെ) പ്രതിമാസം കെ.റ്റി.ഡി.എഫ്.സി.യ്ക്ക് 52 കോടി രൂപയും, ഹഡ്ക്കോയ്ക്ക് 3.30 കോടി രൂപയും, പാലക്കാട് DCB-യ്ക്ക് 5.20 കോടി രൂപയും, KST-133 Society-യ്ക്ക് 21 ലക്ഷം രൂപയും. എറണാകുളം DCB-യ്ക്ക് 5.10 കോടി രൂപയും; KSP IFC-യ്ക്ക് 34 ലക്ഷം രൂപയുമാണ് കെ.എസ്.ആർ.ടി.സി നൽകിവരുന്നത്.</td>
</tr>
<tr>
<td>(സി)</td>
<td>നിലവിൽ കെ.എസ്.ആർ.ടി.സിയ്ക്ക് പരസ്യയിനം, വാടക, ടിക്കറ്റ് കളക്ഷൻ, മറ്റു വരുമാനങ്ങൾ ഉൾപ്പെടെ പ്രതിമാസം ശരാശരി വരുമാനം എത്രയെന്നും വിവിധ യിനങ്ങളിലെ (ശമ്പളം, പെൻഷൻ, ഡീസൽ ഉൾപ്പെടെ) പ്രതിമാസ ചെലവ് എത്രയെന്നും വ്യക്തമാക്കുമോ;</td>
<td>(സി)</td>
<td>പരസ്യയിനം, വാടക എന്നീയിനങ്ങളിൽ പ്രതിമാസം 1,50,11,946 രൂപ ലഭിക്കുന്നു.<br>കെ.എസ്.ആർ.ടി.സി.യുടെ പ്രതിമാസ ശരാശരി വരുമാനം 170 കോടി രൂപയും. ചെലവ് ശരാശരി 260 കോടി രൂപയുമാണ്.</td>
</tr>
<tr>
<td>(ഡി)</td>
<td>കെ.എസ്.ആർ.ടി.സി യിൽ പ്രതിദിനം ശരാശരി എത്ര യാത്രക്കാർ ഉണ്ടെന്നും പ്രസ്തുത യാത്രക്കാരിൽ നിന്നും സെസ്സ് പിരിക്കാൻ തീരുമാനിച്ചത് എന്നു മുതലാണെന്നും പ്രസ്തുതയിനത്തിൽ മാസംതോറും എത്ര തുക</td>
<td>(ഡി)</td>
<td>ഒക്ടോബർ മാസത്തെ കണക്ക് പ്രകാരം പ്രതിദിനം ശരാശരി 26,77,159 യാത്രക്കാർ കെ.എസ്.ആർ.ടി.സി ബസുകളിൽ യാത്ര ചെയ്യുന്നുണ്ട്.<br>01.04.2015 മുതലാണ് 15 രൂപ ടിക്കറ്റ് നിരക്കിന് മുകളിൽ യാത്ര ചെയ്യുന്ന യാത്രക്കാരിൽ നിന്നും സാമൂഹ്യ സുരക്ഷാ സെസ്സ്</td>
</tr>
</table>

| | | | |
|---|---|---|---|
| | ലഭിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ; | | ഇനത്തിൽ തുക ഈടാക്കിവരുന്നത്. ഈ ഇനത്തിൽ പ്രതിമാസം 6 കോടിയിൽ പരം രൂപ ലഭ്യമാകുന്നുണ്ട്. |
| (ഇ) | കെ.എസ്.ആർ.ടി.സി യുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന കെ.യു.ആർ.ടി.സി വിഭാഗത്തിൽ നിന്നും ലഭിക്കുന്ന ശരാശരി വരുമാനം എത്രയെന്നും പ്രതിമാസ ചെലവ് എത്രയെന്നും വ്യക്തമാക്കുമോ; | (ഇ) | 2015 ആഗസ്റ്റ്, സെപ്തംബർ, ഓക്ടോബർ മാസങ്ങളിലെ ശരാശരി വരുമാനം 12 കോടി 36 ലക്ഷം രൂപയും, ശരാശരി ചെലവ് 8 കോടി 60 ലക്ഷം രൂപയുമാണ്. |
| (എഫ്) | പ്രതിദിനം എത്ര കിലോമീറ്റർ സർവ്വീസാണ് കെ.എസ്.ആർ.ടി.സി നടത്തുന്നത്; സംസ്ഥാന- അന്തർ സംസ്ഥാന എന്നിങ്ങനെ തരം തിരിച്ച് എത്ര ബസ്സുകൾ പ്രതിദിനം സർവ്വീസ് നടത്തുന്നുണ്ടെന്നും മിടുക്കരായ പ്രൊഫഷണലുകളുടെ സേവനം ഈ സർക്കാർ വന്നതിനു ശേഷം കെ.എസ്.ആർ.ടി.സി യ്ക്ക് ലഭിക്കുന്നില്ലെന്ന വസ്തുത സംബന്ധിച്ചും വിശദാംശം വ്യക്തമാക്കുമോ? | (എഫ്) | കെ.എസ്.ആർ.ടി.സി പ്രതിദിനം ശരാശരി 14,99,806 കിലോമീറ്ററാണ് സർവ്വീസ് നടത്തുന്നത്. ജൻറം ബസ് ഉൾപ്പെടെ പ്രതിദിനം ശരാശരി 5012 ഷെഡ്യൂളുകളാണ് കെ.എസ്.ആർ.ടി.സി നടത്തി വരുന്നത്. ഇതിൽ 346 സർവ്വീസുകൾ അന്തർ സംസ്ഥാന സർവ്വീസുകളാണ്.<br>മുൻ കാലങ്ങളിൽ നിന്നും വ്യത്യസ്തമായി കെ.എസ്.ആർ.ടി.സി.യുടെ ഉന്നത തസ്തികകളിൽ ഇരിക്കുന്ന ഉദ്യോഗസ്ഥർ താന്താങ്ങളുടെ മേഖലകളിൽ പ്രാഗൽഭ്യം തെളിയിച്ചിട്ടുള്ളവരാണ്. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, ശ്രീ. ആന്റണി ചാക്കോ, കേരളത്തിലേയും, കേന്ദ്രത്തിലേയും വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ ചീഫ് എക്സിക്യൂട്ടീവായി പ്രാഗൽഭ്യം തെളിയിച്ചിട്ടുള്ള ഉദ്യോഗസ്ഥനാണ്. ജനറൽ മാനേജർ എക്സിക്യൂട്ടീവ് ഡയറക്ടർ എന്നീ തസ്തികകളിൽ ചുമതല വഹിക്കുന്നവർ അതാത് മേഖലകളിൽ പ്രൊഫഷണൽ ബിരുദങ്ങൾ ഉള്ളവരാണ്. |

സെക്ഷൻ ഓഫീസർ